"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - അടിമാലി ഭവന സമുച്ചയത്തിന്റെ അറ്റകുറ്റപണികൾക്കായി 1,05,39,817 രൂപ വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1798/2024/LSGD തീയതി,തിരുവനന്തപുരം, 27-09-2024

---

പരാമർശം:-
1. സ.ഉ.(കൈ) 10/2019/ത.സ്വ.ഭ.വ. തീയതി 25/01/2019
2. സ.ഉ(കൈ) നം. 91/2019/തസ്വഭവ തീയതി 16/07/2019
3. സ.ഉ.(സാധാ) 1877/2019/ത.സ്വ.ഭ.വ തീയതി 31/08/2019
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19/04/2024 ലെ എൽ.എം/ഇഡബ്ല്യ/എ/ഐഡികെ/ബിഎഫ് കെ/1/2017 നമ്പർ കത്ത്

**ഉത്തരവ്**

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള'ജനനി' പദ്ധതി പ്രകാരം നിർമിച്ച ഭവന സമുച്ചയം പരാമർശം 1,3 ഉത്തരവുകൾ പ്രകാരം ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങിയിരുന്നു.

2.അടിമാലി ഭവന സമുച്ചയത്തിന്റെ നിലവിലെ അവസ്ഥ വളരെ ശോചനീയമാണെന്നും, അറ്റകുറ്റ പണികൾ നടത്തുന്നതിനായി 1,05,39,817 രൂപ (ഒരു കോടി അഞ്ച് ലക്ഷത്തി മുപ്പത്തിഒൻപതിനായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ) അനുവദിക്കണമെന്നും, പരാമർശം 4 പ്രകാരം വിശദമായ എസ്റ്റിമേറ്റ് സഹിതം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച അടിമാലി ഭവന സമുച്ചയത്തിന്റെ ശോചനീയാവസ്ഥ, താമസക്കാരുടെ ദുരിതം എന്നിവ പരിഗണിച്ച് ഭവനം ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങിയ അടിമാലി ഭവന സമുച്ചയത്തിന്റെ

അറ്റകുറ്റപണികൾക്കായി എസ്റ്റിമേറ്റ് ചെയ്തിരിക്കുന്ന 1,05,39,817 രൂപ (ഒരു കോടി അഞ്ച് ലക്ഷത്തി മുപ്പത്തിഒൻപതിനായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ മാത്രം ), 4515-00-102-49 (പ്ലാൻ) (റൂറൽ ഹൗസിംഗ് ) ശീർഷകത്തിൽ നിന്നും അടിമാലി ഗ്രാമ പഞ്ചായത്തിന് കൈമാറി പഞ്ചായത്ത് മുഖേന അറ്റകുറ്റപണികൾ നടത്തുന്നതിന് പ്രത്യേകപരിഗണന നൽകി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഭവന സമുച്ചയങ്ങളുടെ തുടർപരിപാലനം സംബന്ധിച്ച് പരാമർശം 3 മാർഗ്ഗരേഖയിലെ നിബന്ധനകൾ കർശനമായി പാലിക്കുന്നുവെന്ന് ലൈഫ് മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 28-09-2024 09:47:32
സെക്ഷൻ ഓഫീസർ